"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജില്ലാ എഞ്ചിനീയർമാരുടെ ശമ്പളം പരിഷ്കരിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.1315/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/07/2021

പരാമർശം:-

1. സ.ഉ.(പി)നം.28/2016/ധന തീയതി 26-02-2016
2. സ.ഉ.(പി)നം.56/2017/ധന തീയതി 28-04-2017
3. സ.ഉ.(പി)നം.112/2018/ധന തീയതി 21-07-2018
4. സ.ഉ.(പി)നം.81/2019/ധന തീയതി 09-07-2019
5. സ.ഉ.(കൈ)നം.107/2019/ത.സ്വ.ഭ.വ തീയതി 22.08.2019
6. സ.ഉ.(പി)നം.29/2021/ധന തീയതി 11-02-2021
7. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 20-02-2021 തീയതിയിലെ 9833/ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്.

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുടെ ഓഫീസുകളിൽ പരാമർശം (5) ഉത്തരവ് പ്രകാരം കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ജില്ലാ എഞ്ചിനീയർമാർക്ക് പരാമർശം ( 3 ) ഉത്തരവിൽ കാറ്റഗറി XI-ലെ തസ്തികകൾക്ക് ബാധകമായ പരമാവധി പ്രതിമാസ വേതനമായ 42,305/- രൂപ നിലവിൽ അനുവദിച്ചു വരുന്നു. പരാമർശം (6) ഉത്തരവ് പ്രകാരം ടി കാറ്റഗറിയിലെ ജീവനക്കാരുടെ ശമ്പള നിരക്ക് 44,020/- രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുള്ളതിനാൽ മേൽ പറഞ്ഞ ജില്ലാ എഞ്ചിനീയർമാരുടെ ശമ്പളം ടി നിരക്കിൽ പുനർനിശ്ചയിക്കണമെന്ന് പരാമർശം (7) കത്ത് പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു കരാർ/ദിവസ ജീവനക്കാരുടെ വേതനം നിശ്ചയിച്ചുകൊണ്ടുള്ള ധനകാര്യ വകുപ്പിന്റെ പരാമർശം (1), (2), (3), (4) ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതാണെന്ന വ്യവസ്ഥയ്ക്ക് വിധേയമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുടെ ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്ന ജില്ലാ എഞ്ചിനീയർമാരുടെ പ്രതിമാസശമ്പളം 44,020/- രൂപയായി പുതുക്കി നിശ്ചയിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുക്കുട്ടൻ എം എസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (vide ref.no. Dev.5/84/2021-Fin / E 1765429)

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ (ഐ.& പി.ആർ.ഡി.)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by Nisam N
Date: 12-07-2021 15:50:31
Reason: Approved
സെക്ഷൻ ഓഫീസർ